LIBRARY ARCHIVES Kerala Legislative Assembly

ക്യാഷ് റിസർവ് പരിധി

141 (487) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ് ബാങ്കുമായുള്ള എഗ്രിമെന്റ് പ്രകാരം സർക്കാരിന് റിസർവ് ബാങ്കിൽ ഉണ്ടായിരിക്കേണ്ട ക്യാഷ് റിസർവ് പരിധി 2014-15 സാമ്പത്തിക വർഷത്തിൽ ഏതെല്ലാം ഘട്ടങ്ങളിൽ കവിഞ്ഞു പോയിട്ടുണ്ട്; നിശ്ചിത തുക മിനിമം ബാലൻസായി നിലനിർത്താൻ എപ്പോഴെങ്കിലും കഴിഞ്ഞിട്ടുണ്ടായിരുന്നുവോ ;

(ബി) റിസർവ് നല്കിയ വെയ്സ് ആന്റ് മീൻസ് അഡ്വാൻസിന്റെ പരിധി കവിഞ്ഞ് ഓവർ ഡ്രാഫ്റ്റായ ദിവസങ്ങൾ ഏതൊക്കെയായിരുന്നു ; ഓവർ ഡ്രാഫ്റ്റിന് പിഴ പലിശ നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 28-2-2015 വരെയുള്ള കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 9-4-2014-ലും 4-9-2014 മുതൽ 11-9-2014 വരെയും 9-10-2014 മുതൽ 11-10-2014 വരെയും 6-1-2015 മുതൽ 12-1-2015 വരെയും സർക്കാരിന് റിസർവ് ബാങ്കിൽ ഉണ്ടായിരിക്കേണ്ട ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിച്ചിട്ടില്ല. മേൽപ്പറഞ്ഞ കാലയളവുകളൊഴികെ നിശ്ചിത തുക മിനിമം ബാലൻസായി നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 5-9-2014 മുതൽ 11-9-2014 വരെ സംസ്ഥാനം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ട്. ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടിവന്നിട്ടുണ്ട്. ഈ ഇനത്തിൽ 45,04,968 രൂപ പലിശ നൽകിയിട്ടുണ്ട്.

കഴിഞ്ഞ ബഡ്ജറ്റിലെ പുതിയ പദ്ധതികൾ

142 (488) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ ഏതെല്ലാമായിരുന്നു ;

(ബി) ഇവയിൽ ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച് പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണ് ;

(സി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി മന്ത്രിതലയോഗങ്ങളിൽ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?